Malappuram District Police

**31.08.2017 വണ്ടൂർ**

വിരമിച്ച എസ്.ഐയെയും കുടുംബത്തെയും വീട്ടിൽക്കയറി വെട്ടിക്കൊല്ലാന്‍ ശ്രമിച്ച കേസില്‍ ക്വട്ടേഷന്‍ സംഘത്തെ ഏർപ്പാടാക്കിയ പ്രതിയെ പോലീസ് അറസ്റ്റ്ചെയ്തു. വേങ്ങര കൊളപ്പുറത്ത് വെണ്ണേക്കോട് ഉഷസ്സിൽ സജീഷാണ് പിടിയിലായത് ഓഗസ്റ്റ് നാലിന് രാത്രിയാണ് മാരകായുധങ്ങളുമായി കാറിലെത്തിയ സംഘം എടവണ്ണ സീതിഹാജി സ്റ്റേഡിയത്തിനു സമീപത്തു താമസിക്കുന്ന റിട്ട. എസ്.ഐ വടക്കന്‍ മുഹമ്മദിന്റെ വീട്ടില്‍ അക്രമം നടത്തിയത്. തലയ്ക്കും കഴുത്തിനും വെട്ടേറ്റ മുഹമ്മദ് ഇപ്പോഴും ചികിത്സയിലാണ്. മുഹമ്മദിന്റെ മകന്‍ സഹീറുമായി വിദേശത്തുള്ള പണമിടപാട് തർക്കമാണ് ക്വട്ടേഷന്‍ സംഘത്തിന്റെ ഇടപെടലിനു വഴിവെച്ചത്. നാട്ടുകാരും സ്ഥലത്തെത്തിയ പോലീസുമാണ് മുഹമ്മദിനെ ആസ് പത്രിയിലേക്കു മാറ്റിയത്. മുഴുവന്‍ പ്രതികളും പ്രത്യേക അന്വേഷണസംഘത്തിന്റെ പിടിയിലായിട്ടുണ്ടെന്നാണ് സൂചന. പ്രതിയെ കോടതയില്‍ ഹാജരാക്കി റിമാൻഡ്ചെയ്തു.